അനുവാദം കിട്ടുന്നതിന് തടസ്സം അല്ല. അങ്ങനെയുള്ള എത്ര കെട്ടിടങ്ങൾ ഉണ്ടാക്കിയാലും പദ്ധതിക്ക് പ്രശ്നമല്ല..... (ബഹളം)

[ശ്രീ. സി. ടി. കൃഷ്ണൻ : സൈലൻറ് വാലി പദ്ധതിക്കാവശ്യമായ 800 ഹെക്ടർ സ്ഥലത്ത് യാതൊരു മരവുമില്ലെന്നുള്ളത് ഞങ്ങൾ അവിടെ പോയി കണ്ടതാണ്. വനംവകുപ്പും മറ്റുള്ളവരും എതിർത്തതുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാത്തത്. അതുപോലെതന്നെ കരിയാർകുട്ടി-കാരപ്പാറ പദ്ധതി ഇന്നും നടപ്പിലാകാത്തത് വനംവകുപ്പിന്റെ എതിർപ്പുകൊണ്ടാണ്. പാലക്കാട് ജില്ലയ്ക്ക് അനുവദിക്കുന്ന എല്ലാ പദ്ധതികളെയും തടസ്സപ്പെടുത്തുക, ഇല്ലാതാക്കുക എന്നുള്ളതാണോ വനംവകുപ്പിന്റെ നടപടി? അതിന് എന്തെങ്കിലും മറുപടി പറയാമോ ?

[ശ്രീ. കെ. പി. നൂറുദ്ദീൻ : നാഷണൽ പാർക്ക് ആയി പ്രഖ്യാപിച്ചത് ഉയർന്ന ഉദ്യോഗസ്ഥൻമാരുമായി ചർച്ചകൾ നടത്തിയതിനുശേഷമാണ്. ഏതായിരുന്നാലും ശരി ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഉൾപ്പെടെയുള്ള അംഗങ്ങൾ അവിടെപോയി കണ്ടതാണ്. സബ്ജക്ട് കമ്മിറ്റിയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ പല ഘട്ടങ്ങളിലായി അവിടെ പോയിട്ടുണ്ട്. വനത്തിനുവേണ്ടിയുള്ള സബ്ജക്ട് കമ്മിറ്റിയിലെ മെമ്പർമാരായാലും ശരി മറ്റ് സബ്ജക്ട് കമ്മിറ്റിയിലെ മെമ്പർമാരായാലും ശരി അവിടെ പോയിട്ടുണ്ട്. അവരുടെകൂടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ തീരുമാനമുണ്ടായിട്ടുള്ളതെന്ന് എനിക്കറിയില്ല. ഏതായാലും ശരി അത അംഗീകരിച്ച്, കഴിഞ്ഞു. കരിയാർകുട്ടി-കാരപ്പാറ പദ്ധതിക്ക് വനംവകുപ്പാണ് എതിര് എന്നു പറയുന്നത് ശരിയല്ല, Environment Department-ന്റെ അംഗീകാരം കിട്ടിയിട്ടില്ലെന്നുള്ളതാണ് വസ്തുത.

(ii) റേലാമൂലം നൽകുന്ന ഉത്തരങ്ങൾ

റവന്യൂ യൂണിറ്റുകളുടെ പുനർ വിഭജനം

* 58. [58] ശ്രീ. പി. സീതി ഹാജി :

,, എസ്. ആർ. തങ്കരാജ് :

,, ലോനപ്പൻ നമ്പാടൻ :

,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റവന്യൂ ഭരണയൂണിറ്റുകളുടെ പുനർവിഭജനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന് നിശ്ചയിച്ചിട്ടുള്ള പൊതു മാനദണ്ഡം എന്താണ് ;

(സി) പുനർവിഭജനം നടത്തി പുതുതായി രൂപീകരിക്കാനുദ്ദേശിക്കുന്ന വില്ലേജുകൾ എത്ര ;

(ഡി) താലൂക്കുകൾ എത്ര ; ഏതെല്ലാം താലൂക്കുകൾ ആണ് രൂപീകരിക്കുന്നത് ;

(ഇ) ഈ കാര്യത്തിൽ സ്പെഷ്യൽ ഓഫീസർമാരുടെ റിപ്പോർട്ടുകൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ ;

(എഫ്) പുതുതായി രൂപീകരിക്കുന്ന യൂണിറ്റുകൾ എന്നു നിലവിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(ജി) വില്ലേജ് പുനഃസംഘടിപ്പിച്ചശേഷം സംസ്ഥാനത്ത് എത്ര റവന്യൂ വില്ലേജുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) പരിഗണനയിലാണ്.

(ബി) നിശ്ചയിച്ചിട്ടില്ല.

(സി) 205 വില്ലേജുകളിൽ പുനർവിജ്ഞാപനം നടത്തിയിട്ടുണ്ട്.

(ഡി, ഇ) തീരുമാനമായിട്ടില്ല.

(എഫ്) 205 വില്ലേജുകളുടെ പുനർവിജ്ഞാപനം നടന്നുകഴിഞ്ഞു.

(ജി) 1446.

പുനരധിവാസ ഭവനനിർമ്മാണ പദ്ധതി

*59. [59] ശ്രീ. കെ. പി. രാമൻ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. വി. മുഹമ്മദ് :
,, രാഘവൻ പൊഴക്കടവിൽ :
,, കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവനരഹിതരായ ദുർബലവിഭാഗത്തിൽ പെട്ടവരെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം പദ്ധതികൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് എത്ര കെട്ടിടങ്ങൾ സംസ്ഥാനത്ത് നിർമ്മിച്ചു ;

(സി) പണി പൂർത്തിയാകുന്നമുറയ്ക്ക് അടുത്ത ഗഡു നൽകാമെന്ന വാഗ്ദാനം പാലിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) സന്നദ്ധസംഘടനകൾക്ക് കെട്ടിവച്ച പണം തിരിച്ചുനൽകാമെന്ന ഉറപ്പു ഗവൺമെൻറ് പാലിച്ചിട്ടില്ല എന്ന പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഭവനരഹിതരായ ദുർബല വിഭാഗങ്ങൾക്കായി അനേകം ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു †

(ബി) 102204 വീടുകളുടെ പണികൾ ഏറ്റെടുത്തു.

(സി) ഒരു നിശ്ചിത തീയതിക്കുമുൻപ് സർട്ടിഫിക്കറുകൾ ഹാജരാക്കിയ കേസുകളിൽ തവണകൾ കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

(ഡി) ഇല്ല.

† - അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly